# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/76/2017 പത്രക്കുറിപ്പ് 2017 ഏപ്രിൽ 11

**എം.ജി പഠനവകുപ്പുകളിൽ പി. ജി. പ്രവേശനത്തിന് ഓൺ ലൈൻ അപേക്ഷ ഇന്ന് (ഏപ്രിൽ 12) മുതൽ**

എം. ജി. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി. ജി. പ്രവേശനത്തിനായി നടത്തുന്ന പ്രവേശന പരീക്ഷക്കുള്ള (ക്യാറ്റ്) ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് ആരംഭിച്ച് മെയ് 10 ന് അവസാനിക്കും. സർവ്വകലാശാല പഠനവകുപ്പുകളിലെ വിവിധ എം. എ, എം. എസ്സി, എൽ. എൽ. എം, എം. റ്റി. റ്റി. എം, എം. എഡ് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനപരീക്ഷ നടത്തുന്നത്. അവസാനവർഷ ബിരുദ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് പൊതുവിഭാഗത്തിന് 800 രൂപയും പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്ക് 400 രൂപയുമാക്കി പുതുക്കിയിട്ടുണ്ട്. ഇത് പൊതു വിഭാഗത്തിന് 500 രൂപയും പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്ക് 250 രൂപയുമാണെന്ന് പിശകായി കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചിരുന്നു. ഡെബിറ്റ്കാർഡ്, എ. റ്റി. എം, ഇന്റർനെറ്റ് ബാങ്കിങ് ഇവയിലേതെങ്കിലുമുപയോഗിച്ച് ഫീസടക്കാം. ഈ സൗകര്യങ്ങളൊന്നുമില്ലാത്ത അപേക്ഷകർക്ക് സംസ്ഥാനത്തെ എല്ലാ അക്ഷയകേന്ദ്രങ്ങളിലും ഫീസടയ്ക്കാവുന്നതാണ്. പ്രവേശനപരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരിക്ഷാ കേന്ദ്രങ്ങളുണ്ടായിരിക്കും www.cat.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രവേശനപ്രക്രിയ, യോഗ്യത, പഠനവകുപ്പുകൾ, പി. ജി. പ്രോഗ്രാമുകൾ, പ്രവേശനപരീക്ഷയുടെ ഘടന/സിലബസ് തുടങ്ങിയ വിവരങ്ങൾക്ക് ഇതേ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനും വിശദമായ പ്രോസ്പെക്ടസ്സും കാണുക.

**പ്രൊജക്ട് ഇവാല്യൂവേഷൻ, വൈവാ വോസി, പ്രാക്ടിക്കൽ**

ആറാം സെമസ്റ്റർ മോഡൽ 1 & 2 ബി. എ ഹിസ്റ്ററി (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) മാർച്ച്/ഏപ്രിൽ 2017 പരീക്ഷകളുടെ പ്രൊജക്ട് ഇവാല്യൂവേഷനും വൈവാ വോസിയും ഏപ്രിൽ 17, 18 തീയതികളിൽ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എസ്സി. സൈക്കോളജി (സി.ബി.സി.എസ്.എസ്-റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) മാർച്ച്/ഏപ്രിൽ 2017 /ബി.എ സൈക്കോളജി (2009 അഡ്മിഷനു മുൻപുള്ള മേഴ്സിചാൻസ്)മാർച്ച് 2017 എന്നീ പരീക്ഷകളുടെ പ്രാക്ടിക്കലും വൈവാ വോസിയും ഏപ്രിൽ 17 ന് വിവിധ കോളേജുകളിൽ വച്ച് നടത്തും.

ആറാം സെമസ്റ്റർ ബി. എ ഫിലോസഫി (റഗുലർ/സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) മാർച്ച്/ഏപ്രിൽ 2017 പരീക്ഷകളുടെ പ്രൊജക്ട് ഇവാല്യൂവേഷനും വൈവാ വോസിയും ഏപ്രിൽ 17 ന് എറണാകുളം മഹാരാജാസ് കോളേജിലും 18 ന് ചങ്ങനാശ്ശേരി എൻ. എസ്. എസ് കോളേജിലും വച്ച് നടത്തും.

2017 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്സി. പ്ലാന്റ് ബയോടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 20 ന് തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ വച്ച് നടത്തും.

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി. ബി. എം (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രൊജക്ട് & വൈവാവോസി ഏപ്രിൽ 17 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സൂക്ഷ്മപരിശോധന**

2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ, ബി.എസ്സി, ബി.കോം, ബി.സി.എ, പരീക്ഷകളുടെ സൂക്ഷ്മപരിശോധയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾ ടിക്കറ്റും അസ്സൽ തിരിച്ചറിയൽ രേഖകളുമായി ഏപ്രിൽ 17, 18, 19 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റീവാല്യൂവേഷൻ സെക്ഷനിൽ ഹാജരാകണം.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്സി. ബയോടെക്നോളജി (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 20 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എ ആനിമേഷൻ/ഗ്രാഫിക് ഡിസൈൻ/മൾട്ടീമീഡിയ/സിനിമ & ടെലവിഷൻ (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 20 വരെ സ്വീകരിക്കും.

2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ തിരുവല്ല മാക്ഫാസ്റ്റ് കോളേജിലെ വിദ്യാർത്ഥികളുടെ തടഞ്ഞുവച്ച ഫലം ഹൈക്കോടതിയുടെ അന്തിമ ഉത്തരവിനു വിധേയമായി പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 20 വരെ സ്വീകരിക്കും.

**ഓഫ്കാമ്പസ് പരീക്ഷ : ചീഫ് സൂപ്ര ് യോഗം ഇന്ന്**

2017 ഏപ്രിൽ 19 ന് ആരംഭിക്കുന്ന ഓഫ് ക്യാമ്പസ് പരീക്ഷകൾക്കായി വിവിധ കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അഡീഷണൽ ചീഫ് സൂപ്രണ്ട്മാരുടെയും അഡ്മിനിസ്ട്രേറ്റീവ് സൂപ്രണ്ടുമാരുടെയും യോഗം ഇന്ന് (ഏപ്രിൽ 12) രാവിലെ 11 മണിക്ക് എം.ജി സർവ്വകലാശാല അസംബ്ലിഹാളിൽ വച്ച് നടത്തും. പ്രസ്തുത യോഗത്തിൽ എല്ലാ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരും അഡ്മിനിസ്ട്രേറ്റീവ് സൂപ്രണ്ടുമാരും പങ്കെടുക്കേണ്ടതാണ് അഡീഷണൽ ചീഫ് സൂപ്രണ്ടുമാരുടെ പേരു വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**